**ഭരണഭാഷ – മാതൃഭാഷ**

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം – കോഴിക്കോട് ഗവ പോളിടെക്നിക് കോളേജിലെ മെക്കാനിക്കൽ വിഭാഗം ലക്ചറർ ആയ ശ്രീ.വിജയാനന്ദൻ.ടി യുടെ QIP ഡെപ്യൂട്ടേഷൻ റദ്ദ് ചെയ്തു-പുനർ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (സി) വിഭാഗം**

**DTETVM/4061/2024-EC2 (EC)** തിരുവനന്തപുരം, **തീയതി :** 25-06-2024

---

വായന :- 1.14-11-2023 ലെ സ.ഉ (സാധാ) നം. 1678/2023/ഉവിവ
2.18.06.2024 ലെ സ.ഉ (സാധാ) നം. 695/2024/HEDN ഉത്തരവ്
3.ശ്രീ.വിജയാനന്ദൻ.ടി മെക്കാനിക്കൽ എഞ്ചിനീയറിങ് വിഭാഗം ലക്ചററുടെ 20.06.2024 ലെ അപേക്ഷ

**ഉത്തരവ്**

വായന (1) ലെ ഉത്തരവ്പ്രകാരം, കോഴിക്കോട് ഗവ പോളിടെക്നിക് കോളേജിലെ മെക്കാനിക്കൽ വിഭാഗം ലക്ചറർ ആയ ശ്രീ.വിജയാനന്ദൻ.ടി യ്ക്കു ക്യൂഐപി മുഖേന കോഴിക്കോട് NIT യിൽ എംടെക് പഠനത്തിനായി അനുമതി നല്കിയിരുന്നു. 17.11.2023 ൽ ടിയാൻ എംടെക്കിന് ചേർന്നെങ്കിലും വ്യക്തിപരമായ കാരണങ്ങളാൽ ശ്രീ.വിജയാനന്ദൻ,ടി യ്ക്കു കോഴ്സ് തുടരാൻ സാധിക്കാത്തതിനാൽ വായന(2) ഉത്തരവ് പ്രകാരം മെക്കാനിക്കൽ വിഭാഗം ലക്ചറർ ആയ ശ്രീ.വിജയാനന്ദൻ.ടി യ്ക്കു എം ടെക് പഠനത്തിനായി അനുവദിച്ച ക്യൂഐപി ഡെപ്യൂട്ടേഷൻ റദ്ദ് ചെയ്ത്കൊണ്ട് ഉത്തരവാകുകയും ടിയാന് പുനർനിയമനം നൽകുന്നതിനുള്ള അനുമതി നല്കുകയും ചെയ്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, മെക്കാനിക്കൽ വിഭാഗം ലക്ചറർ ആയ ശ്രീ.വിജയാനന്ദൻ.ടി യ്ക്കു താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമനം. | പേര്, തസ്തിക, സ്ഥാപനം, ക്യൂ.ഐ.പി സെന്റർ | പുനർ നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1. | **ശ്രീ. വിജയാനന്ദൻ.ടി**<br>**(PEN:562617)**<br>ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ്,<br>കേരള ഗവ പോളിടെക്നിക് കോളേജ്,കോഴിക്ക | **സർക്കാർ പോളിടെക്നിക് കോളേജ്,മാനന്തവാടി .**<br>(തുറന്ന ഒഴിവിൽ)) |

| | | | |
|---|---|---|---|
| | ോട്<br>(QIP centre: NIT, കോഴിക്കോട് ) | | |

ടി ഉദ്യോഗസ്ഥന്, പുനർനിയമനം നൽകപ്പെട്ട സ്ഥാപനത്തിലെ സ്ഥാപനമേധാവി, പുനഃപ്രവേശനം അനുവദിക്കേണ്ടതും, ടിയാൻറെ ചേരുംകാലം ബന്ധപ്പെട്ട രേഖകൾ സഹിതം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ടിയാൻ സേവനത്തിൽ പ്രവേശിച്ചാലുടൻ ഡെപ്യൂട്ടേഷൻ കാലയളവ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്ഥാപന മേധാവി സ്വീകരിക്കേണ്ടതാണ് .QIP പഠനം ഇടയ്ക്ക് വെച്ചു റദ്ദ് ചെയ്തതിനാൽ ടിയാന് വന്നിട്ടുള്ള ബാധ്യത പ്ലാനിങ് സെക്ഷൻ പരിശ ോധിച്ചു ആയതിൻമേൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

**SHALIJ P R**

**DIRECTOR(I/C)**

സ്വീകർത്താവ്,

1. ബന്ധപ്പെട്ട ജീവനക്കാർ (വെബ് സൈറ്റ് മുഖാന്തിരം).
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (വെബ് സൈറ്റ് മുഖാന്തിരം).
3. അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള ബ്രാഞ്ച്, എസ്. എച്ച് മൌണ്ട്, പി.ഓ, നാഗപടം, കോട്ടയം.
4. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ( ബോണ്ടഡ് ബാധ്യത തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്)
5. ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.

Signed by
Shalij P R
Date: 25-06-2024 13:19:09